# ദൈവിക സമാധാനം അനുഭവിക്കുക

## മർക്കോസ് 4.39

**“അവൻ എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, കടലിനോട്: അനങ്ങാതിരിക്ക, അടങ്ങുക എന്നു പറഞ്ഞു: കാറ്റു അമർന്നു, വലിയ ശാന്തത ഉണ്ടായി”**

ദൈവരാജ്യത്തെക്കുറിച്ച് ഉപമകളാൽ ജനത്തെ പഠിപ്പിച്ച യേശു, സന്ധ്യയായപ്പോൾ തന്റെ ശിഷ്യന്മാരൊത്ത് പടകിൽ യാത്രചെയ്ത് ഗലീല കടലിനക്കരെ പോകുന്നതാണ് പ്രസ്തുത വചനഭാഗം. പടകിൽ കയറിയ കർത്താവ് അതിന്റെ അമരത്ത് തലയിണ വച്ചുറങ്ങുന്നു എന്ന് നാം വായിക്കുന്നു. പെട്ടന്നുണ്ടായ ചുഴലിക്കാറ്റിൽ പടകിൽ വെള്ളം ഇരച്ചുകയറുന്നതു കണ്ട് പരിഭ്രാന്തരായ ശിഷ്യന്മാർ യേശുവിനെ വിളിച്ചുണർത്തുന്നു. അപ്പോൾ തന്നെ കർത്താവ് എഴുന്നേറ്റ് ചുഴലിക്കാറ്റിനെ ശാസിക്കുന്നു.

പ്രകൃതിശക്തിയെ ഒരു വാക്കിനാൽ നിയന്ത്രിക്കുന്ന കർത്താവിനെ നാം കാണുന്നു. കാറ്റടിച്ചപ്പോൾ ശിഷ്യന്മാർ മറ്റൊന്നും ചിന്തിക്കാതെ തങ്ങളുടെ ഏക പ്രത്യാശയായ കർത്താവിനെ വിളിച്ചുണർത്തുന്നു. പ്രിയ ദൈവപൈതലേ, നമുക്കുള്ള നല്ലൊരു മാതൃകയാണ് ഈ ശിഷ്യന്മാർ. നാമും ഈ ജീവിതമാകുന്ന പടകിൽ ചുഴലിക്കാറ്റുപോലെയുള്ള പലതരം പ്രശ്നങ്ങളാൽ പരിഭ്രാന്തരായിരിക്കാം. എന്നാൽ അതിന്റെ മധ്യത്തിലും ആ ശിഷ്യന്മാരെപ്പോലെ കർത്താവിനെ വിളിച്ചുണർത്തണം. അവൻ നമ്മെ വിട്ട് ഒട്ടും ദൂരെയല്ല, ആ വിശ്വാസം നമ്മുടെ ഹൃദയത്തിൽ ഉറയ്ക്കണം. തന്റെ പക്കൽ നിലവിളിക്കുന്ന തന്റെ മക്കളെ ഒരിക്കലും അവൻ കൈവിടുന്നില്ല. ശിഷ്യന്മാരൊക്കെയും പ്രഗത്ഭരായ മുക്കുവരും, കടലിന്റെ ഗതി അറിയാവുന്നവരും ആയിരുന്നിട്ടുപോലും തങ്ങളുടെ പടകുലഞ്ഞപ്പോൾ അവർ സ്വന്തം കഴിവിലാശ്രയിക്കാതെ കർത്താവിൽ ശരണപ്പെട്ടു. ലോകപരിചയം ഒരു പക്ഷേ പ്രശ്നങ്ങളെ മാനുഷികമായി നേരിടാൻ നമ്മെ പ്രാപ്തരാക്കുമായിരിക്കും. എന്നാൽ ശാശ്വതമായ ഒരു സമാധാനം കർത്താവിൽ നിന്നു മാത്രമേ ലഭിക്കുന്നുള്ളു.

ഇവിടെ കർത്താവ് ഉറക്കമുണർന്ന് ആടി ഉലയുന്ന പടകിനെ നിശ്ചലമാക്കുകയല്ല ചെയ്തത്. മറിച്ച് പടകുലയാനും വെള്ളം കയറാനും കാരണമായ കാറ്റിനെയും കടലിനെയും ശക്തമായി അവൻ ശാസിക്കുന്നു. അവ അമർന്ന് വലിയ ശാന്തത ഉണ്ടാകുന്നു. ഇങ്ങനെ തന്നെയാണ് ഒരു ദൈവപൈതലിന്റെ ജീവിതത്തിലും കർത്താവ് പ്രവർത്തിക്കുന്നത്. മുങ്ങിത്താഴുന്ന പടകുപോലെ പ്രതികൂലങ്ങളാലും പ്രതിസന്ധികളാലുംരോഗങ്ങളാലുമൊക്കെ ജീവിതം ആടി ഉലയുമ്പോൾ, വിശ്വാസത്തോടെ കർത്താവിനെ വിളിച്ചുണർത്തുന്ന തന്റെ

മക്കളുടെ ജീവിതത്തെ അലട്ടുന്ന പ്രശ്നങ്ങളുടെ മൂലകാരണങ്ങളെ തന്നെ ശാസിച്ച് അകറ്റുന്നു.

പൂർണ്ണ ആശ്രയത്തോടുകൂടി അവനെ വിളിച്ചപേക്ഷിക്കുന്ന ആരെയും അവൻ നിരാശരായി മടക്കി അയക്കുന്നില്ല. ഈ കർത്താവ് നമ്മുടെ ഭവനങ്ങളിൽ ശാന്തമായി ഇപ്പോഴും ഉറങ്ങുന്നുണ്ട്. ദൈവവചനം തന്നെയായ ആ കർത്താവിനെ ദിവസത്തിന്റെ പ്രഭാതത്തിൽ തന്നെ ധ്യാനിക്കുകയും വിശ്വസിച്ച് ഏറ്റെടുക്കുകയും ചെയ്യുന്ന ഒരു വിശ്വാസിയുടെ ജീവിതത്തെ മുക്കുവാൻ ഉതകുന്ന പ്രശ്നങ്ങൽ വന്നാലും, ഈ വചനമാകുന്ന കർത്താവ് പ്രശ്നകാരണങ്ങളായ ചുഴലിക്കാറ്റിനെ ശാസിക്കുകയും, ശാന്തമാക്കുകയും ചെയ്യും. അവൻ ഉറങ്ങുന്നു എന്നു നമുക്കു തോന്നിയാലും തന്റെ മക്കളുടെ സകല വിഷയങ്ങളിന്മേലും അവൻ ശ്രദ്ധാലുവാണ്.

അതുകൊണ്ട് പ്രിയരേ, ലോകത്തിലെ ഒരു ശക്തിയിലും ആശ്രയിക്കാതെ നമ്മെത്തന്നെ ദൈവകരങ്ങളിൽ കൊടുത്ത് ദൈവികസമാധാനം അനുഭവിക്കാം. അതിനായി പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**പരാമർശം:**

യെശയ്യാവ് 57:15

ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു.

യെശയ്യാവ് 66:2

എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 011**